സർക്കാർ/എയ്ഡഡ്/സഹകരണ/സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ

138 (1194) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.ടെക് കോഴ്സിന് സർക്കാർ/എയ്ഡഡ്/സഹകരണ/സ്വാശ്രയ മേഖലകളിലായി നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ട് ; ഇവയിൽ എല്ലാം കൂടി ആകെ എത്ര സീറ്റുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) 2014-15 അദ്ധ്യായനവർഷം പ്രസ്തുത കോഴ്സിന് ആകെ എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും പഠിക്കാൻ കുട്ടികളില്ലെന്ന കാരണത്താൽ നിലവിൽ എത്ര സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും ഓരോ മേഖലയിലും പുതുതായി ബി.ടെക്കിന് എത്ര കോളേജുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ബി.ടെക്കിന് ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴും പുതിയ സ്വാശ്രയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

എഞ്ചിനീയറിംഗ് കോളേജുകൾ	കോളേജുകളുടെ എണ്ണം	സർക്കാർ അലോട്ട്മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം
സർക്കാർ & എയ്ഡഡ്	12	4832
കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ.	2	93
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ്.	24	6551
സ്വകാര്യ സ്വാശ്രയ കോളേജ്	137	25096
ആകെ	175	36572

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 അധ്യയന വർഷം സർക്കാർ/എയ്ഡഡ് /സഹകരണ/ സ്വാശ്രയ മേഖലകളിലായി നടന്ന അഡ്മിഷന്റെ വിശദാംശം താഴെ കൊടുക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	സർക്കാർ അലോട്ട്മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം	അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം	സർക്കാർ അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളുടെ എണ്ണം
സർക്കാർ & എയ്ഡഡ്	4832	4828	4
കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരളാ വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ.	93	93	ഇല്ല
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ്	6551	5822	729
സ്വകാര്യ സ്വാശ്രയ കോളേജ്.	25096	13648	11448
ആകെ	36572	24391	12181

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയ എഞ്ചിനീയറിംഗ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ	സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ	സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ
2011	ഇല്ല	1	17
2012	ഇല്ല	ഇല്ല	9
2013	ഇല്ല	ഇല്ല	4
2014	ഇല്ല	1	5
ആകെ	ഇല്ല	2	35

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് നിരവധി ബി.ടെക്ക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 2013-14 വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവച്ചിരുന്നു. എന്നാൽ 9-4-2013-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം പിൻവലിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് എ.ഐ.സി.റ്റി.ഇ.-യുടെയും ബന്ധപ്പെട്ട സർവ്വകലാശാലയുടേയും അനുമതി ലഭിയ്ക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിയ്ക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നതാണ്.

പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

139 (1195) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 50 വർഷത്തിലധികം പഴക്കമുള്ളതും ആകെ നാല് കോഴ്സുകൾ മാത്രമുള്ളതുമായ പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

വൈസ് ചാൻസലർമാരുടെ യോഗം

140 (1196) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായോ ; ഏതെല്ലാം സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly